**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3466 12/12/2014-ൽ മറുപടിയ്ക്ക്

# വിഷരഹിത പച്ചക്കറി പദ്ധതിയുടെ സൗജന്യ വിത്ത് വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വിഷരഹിത പച്ചക്കറി പദ്ധതിയുടെ സൗജന്യ വിത്ത് വിതരണം ജനശ്രീക്ക് നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ; | എ) & ബി) വിഷരഹിത പച്ചക്കറി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ട് വിഷരഹിത പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2014-15-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം എൻ.ജി.ഒ-കൾ മുഖേന പച്ചക്കറി കൃഷിക്ക് സൗജന്യമായി വിത്ത് കിറ്റുകൾ നൽകുക എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെ രണ്ടര ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ കൃഷിക്കായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ജനശ്രീ മിഷനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) കഴിഞ്ഞ വർഷം നിലവാരമില്ലാത്ത വിത്തുകൾ കൃഷിവകുപ്പിലെ ചില ഉദ്യോഗസ്ഥർ ഇടപെട്ട് സ്വകാര്യ ഫാമുകളിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയെന്ന വാർത്തയിൽ സത്യമുണ്ടോയെന്നും ഇതിൽ അഴിമതി നടന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | സി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ നല്കിയത് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളം, കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന മാത്രമാണ്. സ്വകാര്യ ഫാമുകൾ വഴി വിത്ത് വാങ്ങുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല. |
| ഡി) പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ പോലുള്ള ഏതെങ്കിലും സംഘടനകളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഡി) സമഗ്ര പച്ചക്കറി വികസന പദ്ധതി കൃഷി വകുപ്പാണ് നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ഗ്രാമ പഞ്ചായത്തിന്റേയും, പഞ്ചായത്തുതല കാർഷിക വികസന സമിതിയുടേയും അറിവോടെയും അംഗീകാരത്തോടേയുമാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**